## സംവാദങ്ങൾ, സൗഹൃദങ്ങൾ

മതങ്ങൾ പരസ്പരം കലഹിക്കുന്ന കാലം ഇല്ലാതാകും. പക്ഷേ, ആ കാലം എപ്പോഴെന്ന് മുൻകൂട്ടി പ്രവചിക്കാനാകില്ല.

ദൈവികമെന്നു അവകാശപ്പെടുന്ന മതങ്ങൾ എന്തിനു വേണ്ടിയാണ് പരസ്പരം കലഹിക്കുന്നത്? അവയുടെ സിദ്ധാന്തങ്ങൾ ഒരേ സ്രോതസ്സിൽനിന്നുള്ളതാകുമ്പോൾ പ്രത്യേകിച്ച്?

മതങ്ങൾ അടുത്തറിയുകയും സൗഹാർദ്ദാന്തരീക്ഷത്തിൽ സംവദിക്കുകയും ചെയ്യേണ്ട ആവശ്യകതയെപ്പറ്റി പറയാനാരംഭിച്ചിട്ട് കാലം കുറച്ചായി. പക്ഷേ, നാളിതുവരെ അന്താരാഷ്ട്ര തലത്തിൽ അതിന് കാര്യമായ ശ്രമങ്ങളൊന്നും തന്നെ ഉണ്ടായിരുന്നില്ല. ഇപ്പോൾ സൗദി അറേബ്യ അതിനു മുൻകൈ എടുത്തത് സന്തോഷകരമാണ്.

തെറ്റിദ്ധാരണകളാണ് മിക്കപ്പോഴും ആശയങ്ങളെയും ആളുകളെയും തമ്മിൽ അകറ്റുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ മതങ്ങൾ ഒരേ സ്രോതസ്സിൽനിന്നാണെങ്കിലും പിൽക്കാലത്ത് പലതിലും കാതലായ മാറ്റങ്ങൾ വരുകയുണ്ടായി. ഈ മാറ്റങ്ങളാണ് പിന്നീട് ജനത്തെ തെറ്റിദ്ധാരണകളിലേക്ക് നയിച്ചത്. ഈ സമീപനം മതരംഗത്ത് മാത്രമല്ല ഒതുങ്ങിയത്. ജീവിതത്തിന്റെ മിക്ക രംഗങ്ങളിലും അതിന്റെ അടയാളം പ്രതിഫലിക്കുകയുണ്ടായി.

മനുഷ്യനെ സ്നേഹിക്കാൻ പഠിക്കുക. അത് ദൈവത്തിന്റെ നിർദ്ദേശം. പക്ഷേ, അത് മതത്തിന്റെ പരിധിയിൽ നിന്നുകൊണ്ടാകരുത്. മനുഷ്യർക്കിടയിൽ വിഭാഗീയത സൃഷ്ടിച്ചുകൊണ്ടുണ്ടുമാകരുത്.

മൗഷ്യരെ മനുഷ്യരായി കാണുക. മനുഷ്യരെ അടുത്തറിയുമ്പോഴാണ് മതമൂല്യങ്ങളെ സംബന്ധിച്ച് അറിയുക.

പലപ്പോഴും മതങ്ങളുടെ മുഖം വികൃതമാക്കുന്നത് അതിന്റെ മൂല്യങ്ങളിൽനിന്ന് അകന്ന് ജീവിക്കുകയും എന്നാൽ മതത്തിന്റെ പേരിൽ അറിയപ്പെടുകയും ചെയ്യുന്നവരാണ്. മതതീവ്രവാദികൾ അത്തരത്തിൽ പെട്ടവരാണ്.

ജനങ്ങൾ മതമൂല്യങ്ങൾക്കനുസരിച്ച് ജീവിക്കുകയും മതത്തെ പ്രതിനിധീകരിക്കുകയും ചെയ്ത ഒരു കാലഘട്ടമുണ്ടായിരുന്നു. അന്ന് ലോകത്ത് ഇതിലേറെ ശാന്തിയും സമാധാനവും ഉണ്ടായിരുന്നു. ഇന്ന് മതത്തിന്റെ പേരിൽ ജീവിക്കുന്നവരോ അതിനെ പ്രതിനിധീകരിക്കുന്നവരോ കുറവാണ്. അതിനാൽ മതങ്ങൾ തമ്മിൽ പ്രയാസങ്ങൾ വർധിക്കുകയാണ് ചെയ്യുന്നത്.

മതപരമയ ''അടുത്തറിയലും സൗഹാർദ്ദവും'' എന്ന ആശയം താൽക്കാലികമാണ്. അതൊരു ഒരു സ്ഥിരം സംവിധാനമായി കാണാവതല്ല. സംവാദം നടത്തുന്നത് തിരിച്ചറിവിനു വേണ്ടിയാണ്. ദൈവികമതങ്ങൾ എന്ന പേരിൽ നിലവിൽ അനേകം മതങ്ങളുണ്ട്. വിവിധ ആചാരങ്ങളും വിശ്വാസങ്ങളും ഉള്ളവ. അവയിൽ ഏതാണ് യഥാർഥത്തിൽ ദൈവികം, പ്രകൃതിയുക്തം എന്ന് കണ്ടെത്തുവാനാണ് സംവാദം വഴി ഒരുക്കേണ്ടത്. കാരണം, ഒരേ ഒരു ദൈവം അനേകം മതങ്ങളെ നിർമിച്ചു അതിന്റെ പേരിൽ മനുഷ്യർ തമ്മിൽ കലഹിക്കുന്ന ഒരു രീതി ഉണ്ടാക്കുകയില്ല. അവൻ ഒന്നു മാത്രമായതിനാൽ അവന്റെ വ്യവസ്ഥയും ഒന്നു മാത്രമായിരിക്കും ശരി. ആ ഒന്നിലേക്ക് എത്താനുള്ള വഴിയാകണം സംവാദവും അടുത്തറിയലുമെല്ലാം.

മതങ്ങളുടെ മൂല്യങ്ങൾ മുറുകെ പിടിക്കുക. അതിലൂടെ മാനുഷ്യകത്തെ ഒന്നായി കാണുക. അതാണ് ലോകത്ത് ശാന്തി കൈവരാനുള്ള വഴി. അല്ലാതെ അനേകം ജാതികളും വിഭാഗങ്ങളും നിൽനിൽക്കുന്നത് ദൈവികമല്ല. അത് ശാശ്വതമായ ഒരു സംവിധാനവുമല്ല. സത്യം ബോധ്യമാകുമ്പോൾ ഉരുകിത്തീരുന്ന മഞ്ഞുപർവ്വതമാണ് പർവ്വതങ്ങളാണ് അനേകം ജാതികളും മതങ്ങളും. അതെ, ഇന്ന് നിലവിലുള്ള എല്ലാ മതങ്ങളും ഒന്നായിത്തീരുന്ന ഒരു കാലം വരിക തന്നെ ചെയ്യും. മതങ്ങൾ പരസ്പരം കലഹിക്കുന്ന കാലം ഇല്ലാതാകും. അപ്പോഴാണ് ലോകത്തിന് ആവശ്യമായ ഏകസംസ്കാരവും ഏകലോകക്രമവും നിലിൽ വരികയുള്ളു.